REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 07-02-2025** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- സംസ്ഥാന ബജറ്റ് ഇന്ന്. അടുത്ത സാമ്പത്തിക വർഷത്തെ ബജറ്റ് മന്ത്രി K.N ബാലഗോപാൽ രാവിലെ ഒൻപതിന് നിയമസഭയിൽ അവതരിപ്പിക്കും.
- റിസർവ് ബാങ്ക് ദ്വൈമാസ പണനയം ഇന്ന് പ്രഖ്യാപിക്കും. റിപ്പോ നിരക്ക് കുറയ്ക്കുമെന്ന് പ്രതീക്ഷിക്കുന്നതായി അസോചം.
- രണ്ടാമത് രാജ്യാന്തര ഊർജ്ജമേളയ്ക്ക് തിരുവനന്തപുരത്ത് ഇന്ന് തുടക്കം.
- NCC യ്ക്ക് ഗവൺമെന്റ് എല്ലാ പിന്തുണയും നൽകുന്നുണ്ടെന്ന് മന്ത്രി V അബ്ദുറഹിമാൻ.
- ദേശീയ ഗെയിംസിൽ തായ്ക്വാണ്ടോയിൽ കേരളത്തിന് വെങ്കലം.
- ആദ്യ ഏകദിന ക്രിക്കറ്റിൽ ഇന്ത്യ ഇംഗ്ലണ്ടിനെ നാല് വിക്കറ്റിന് തോൽപ്പിച്ചു.

## വാർത്തകൾ വിശദമായി

**അടുത്ത സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റ് മന്ത്രി K.N ബാലഗോപാൽ ഇന്ന് നിയമസഭയിൽ അവതരിപ്പിക്കും. രാവിലെ ഒൻപതിനാണ് ബജറ്റ് അവതരണം.**

**ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.**

**.....(വോയ്സ്)....**

**സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് മാർഗ്ഗങ്ങളും നികുതി നിർദ്ദേശങ്ങളും ബജറ്റിൽ പ്രതീക്ഷിക്കുന്നു. ജനപ്രിയ പ്രഖ്യാപനങ്ങളും**

**ബജറ്റിലുണ്ടാകുമെന്ന പ്രതീക്ഷയിലാണ് ജനങ്ങൾ. വയനാട് പുനരധിവാസം, ക്ഷേമപെൻഷൻ വർദ്ധന, വിഴിഞ്ഞം പദ്ധതി എന്നിവയുമായി ബന്ധപ്പെട്ട നിർണായക പ്രഖ്യാപനങ്ങളും ബജറ്റിൽ പ്രതീക്ഷിക്കുന്നുണ്ട്.**

**2024-25 വർഷത്തെ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച വ്യക്തമാക്കുന്ന അവലോകനവും മന്ത്രി ബാലഗോപാൽ ഇന്ന് സഭയുടെ മേശപ്പുറത്തു വയ്ക്കും. തിങ്കളാഴ്ച മുതൽ നാല് ദിവസമാണ് നിയമസഭയിൽ ബജറ്റിന്മേൽ ചർച്ച നടക്കുക.**

**✪✪✪**

**റിസർവ് ബാങ്ക് ദ്വൈമാസ പണനയം ഇന്ന് പ്രഖ്യാപിക്കും. മൂന്ന് ദിവസമായി ചേർന്ന പണ നയ അവലോകന യോഗത്തിനുശേഷം അടിസ്ഥാന ബാങ്കിങ് നിരക്കുകൾ സംബന്ധിച്ച തീരുമാനങ്ങൾ RBI ഗവർണർ സഞ്ജയ് മൽഹോത്ര രാവിലെ മുംബൈയിൽ പ്രഖ്യാപിക്കും. അടിസ്ഥാന നിരക്കുകളിൽ മാറ്റം വരുത്തിയേക്കുമെന്നാണ് സൂചന.**

**ഡെസ്ക്ക് റിപ്പോർട്ട്.**

**....(വോയ്സ്).....**

**സാമ്പത്തിക വളർച്ചയെ പിന്തുണയ്ക്കുന്നതിനായി റിസർവ് ബാങ്ക് റിപ്പോ നിരക്ക് 6.5 ശതമാനത്തിൽ നിന്ന് 50 ബേസിസ് പോയിന്റെങ്കിലും കുറയ്ക്കുമെന്ന് പ്രതീക്ഷിക്കുന്നതായി പ്രമുഖ വ്യവസായ സ്ഥാപനമായ അസോചം അഭിപ്രായപ്പെട്ടു. കോവിഡിനെ തുടർന്നുണ്ടായ പ്രതിസന്ധിയിൽ സമ്പദ്‌വ്യവസ്ഥയെ സഹായിക്കുന്നതിന്, 2020 മെയ് മാസം റിസർവ് ബാങ്ക് അവസാനമായി റിപ്പോ നിരക്ക് 40 ബേസിസ് പോയിന്റ് കുറച്ച് നാല് ശതമാനമാക്കിയിരുന്നു.**

**ഇന്ത്യൻ സമ്പദ് വ്യവസ്ഥയ്ക്ക് ഡിമാന്റിലും, നിക്ഷേപത്തിലും അടിയന്തര ഉത്തേജനം ആവശ്യമാണെന്നും അസോചം വിശ്വസിക്കുന്നു. കടം വാങ്ങുന്നതിലെ ചെലവ് കുറയ്ക്കുന്നതിലൂടെ ഇത് നേടാനാവും.**

**വായ്പയെടുക്കൽ. നിരക്ക് കുറയ്ക്കൽ ബാങ്കിംഗ് സംവിധാനത്തിലെ പണലഭ്യത വർദ്ധിപ്പിക്കുകയും ഉപഭോഗവും സാമ്പത്തിക അച്ചടക്കവും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുമെന്നും അസോചം അഭിപ്രായപ്പെട്ടു.**

**✪✪✪**

**വിവിധ സർവ്വകലാശാലകൾ തയ്യാറാക്കിയ നാലുവർഷ ബിരുദ പ്രോഗ്രാം സിലബസുകൾ സമഗ്രമായി സർവ്വകലാശാലാ തലത്തിൽ അവലോകനം ചെയ്യാൻ തീരുമാനിച്ചതായി മന്ത്രി ഡോ. R ബിന്ദു അറിയിച്ചു. സർവ്വകലാശാലകൾ ഇതിനായി പോർട്ടൽ ആരംഭിക്കുമെന്നും**

തിരുവനന്തപുരത്ത് ചേർന്ന നാലു വർഷ ബിരുദ പ്രോഗ്രാമിന്റെ അവലോകനയോഗ തീരുമാനങ്ങളായി മന്ത്രി അറിയിച്ചു.

സിലബസുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനും ഓരോ കോഴ്സുമനുസരിച്ച് വിദ്യാർത്ഥികൾ ആർജ്ജിക്കേണ്ട ജ്ഞാനം, നൈപുണി, അഭിരുചി എന്നിവ ഉറപ്പു വരുത്താനുമാണ് സിലബസ് അവലോകനമെന്നും മന്ത്രി വ്യക്തമാക്കി.

തിരഞ്ഞെടുത്ത കോഴ്സുകൾ സംസ്ഥാന തലത്തിൽ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ അവലോകനം ചെയ്യുമെന്നും മന്ത്രി പറഞ്ഞു. വിദ്യാർത്ഥികൾക്കും അധ്യാപകർക്കും പൊതുസമൂഹത്തിനുമടക്കം സർവ്വകലാശാലാ സിലബസിനെക്കുറിച്ചു അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നൽകുന്നതിനാണ് പോർട്ടൽ തുടങ്ങുന്നതെന്നും ബിന്ദു അറിയിച്ചു.

✪✪✪

കരകൗശല രംഗത്ത് ഏറെ മുന്നോട്ടുപോകാനുണ്ടെന്നും വിപണി കുറേകൂടി ശക്തിപ്പെടുത്തേണ്ടതുണ്ടെന്നും മന്ത്രി പി രാജീവ് പറഞ്ഞു. 2023 ലെ സംസ്ഥാന കരകൗശല അവാർഡ് വിതരണ ചടങ്ങ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

വിപണി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണ് കെ-ഷോപ്പി തുടങ്ങിയതെന്നും, ഹാൻഡിക്രാഫ്റ്റ്സ് കോർപറേഷന്റെ ഉൽപ്പന്നങ്ങളെല്ലാം കെ-ഷോപ്പിയിൽ ലഭ്യമാണെന്നും മന്ത്രി പറഞ്ഞു.

✪✪✪

ആധുനിക കൃഷിരീതികൾ കർഷകരിലേക്ക് എത്തിക്കുന്നത് ഫാമുകളാണെന്നും സംസ്ഥാനത്ത് മുഴുവൻ ഫാമുകളിലും ഫാം ഫെസ്റ്റുകൾ സംഘടിപ്പിക്കുമെന്നും മന്ത്രി P. പ്രസാദ് പറഞ്ഞു. നെല്ലിയാമ്പതി ഗവ. ഓറഞ്ച് & വെജിറ്റബിൾ ഫാമിൽ അഗ്രി ഹോർട്ടി ടൂറിസം ഫെസ്റ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

NCC യ്ക്ക് സംസ്ഥാന ഗവൺമെന്റ് മികച്ച പിന്തുണ നൽകുന്നുണ്ടെന്നും ആവശ്യമായ എല്ലാ സഹായങ്ങളും അനുവദിക്കാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്നും മന്ത്രി V അബ്ദുറഹിമാൻ പറഞ്ഞു. റിപ്പബ്ളിക്ക് ദിന പരേഡിലും, കർത്തവ്യ പഥ് മാർച്ചിലും, പ്രധാനമന്ത്രിയുടെ റാലിയിലും സംസ്ഥാനത്തെ പ്രതിനിധാനം ചെയ്ത് പങ്കെടുത്ത 174 NCC കേഡറ്റുകൾക്കും കണ്ടിജന്റ് കമാൻഡർക്കും പാങ്ങോട് മിലിട്ടറി സ്റ്റേഷനിൽ സ്വീകരണം നൽകി സംസാരിക്കുകയായിരുന്നു മന്ത്രി.

ആയിരം NCC എയർവിംഗ് കേഡറ്റുകളെ ഓരോ വർഷവും സൗജന്യമായി ഫ്ളയിംഗ് പരിശീലിപ്പിക്കുന്നതിന് എയർ സ്ട്രിപ്പിന്റെ നിർമ്മാണം ഇടുക്കിയിൽ അന്തിമഘട്ടത്തിലാണെന്നും മന്ത്രി പറഞ്ഞു. തിരുവനന്തപുരം കല്ലറയിൽ ദേശീയ നിലവാരത്തിൽ പരിശീലന കേന്ദ്രത്തിന്റെ ഒന്നാംഘട്ട നിർമ്മാണവും പൂർത്തീകരിച്ചു വരുന്നു. മലബാർ മേഖലയിലെ കേഡറ്റുകൾക്ക് വേണ്ടി 1,804 ലക്ഷം രൂപ ചെലവാക്കി നിർമ്മിക്കുന്ന പരിശീലന കേന്ദ്രം ഡിസംബറിൽ പൂർത്തിയാകുമെന്നും മന്ത്രി പറഞ്ഞു. തിരുവനന്തപുരം, കൊല്ലം, കോഴിക്കോട് ജില്ലകളിൽ ഈ വർഷം പുതുതായി പരിശീലന കേന്ദ്രങ്ങൾക്കായി പ്രവർത്തനം ആരംഭിക്കുമെന്നും അബ്ദുറഹിമാൻ പറഞ്ഞു.

✪✪✪

ഡെറാഡൂണിൽ 38-ാം ദേശീയ ഗെയിംസിൽ തായ്ക്വാണ്ടോയിൽ കേരളത്തിന് ആദ്യ മെഡൽ. വനിതകളുടെ വ്യക്തിഗത പൂംസെ ഇനത്തിൽ ലയ ഫാത്തിമയാണ് വെങ്കലം നേടിയത്. ദേശീയ ഗെയിംസിന്റെ പത്താംദിവസമായ ഇന്നലെ കേരളത്തിന് ലഭിച്ച ഏക മെഡലും ഇതായിരുന്നു.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

.....(വോയ്സ്)....

ദേശീയ ഗെയിംസ് പുരുഷ ഫുട്ബോൾ ഫൈനലിൽ കേരളം ഇന്ന് ആതിഥേയരായ ഉത്തരാഖണ്ഡിനെ നേരിടും. ഹൽദ്വാനിയിലെ ഇന്ദിരാഗാന്ധി സ്റ്റേഡിയത്തിൽ വൈകിട്ട് ആറിനാണ് മത്സരം. DD സ്പോർട്സിലും പ്രസാർ ഭാരതി യൂട്യൂബ് ചാനലിലും തത്സമയം കളി കാണാം.

നെറ്റ്ബോളിൽ കേരളത്തിന്റെ പുരുഷ- വനിതാ ടീമുകൾ ഇന്നിറങ്ങും. പുരുഷ വിഭാഗം രാവിലെ എട്ടിന് ഡൽഹിയുമായി മത്സരിക്കും. വനിതാ വിഭാഗത്തിൽ കേരളത്തിന് ഇന്ന് രണ്ട് മത്സരങ്ങളുണ്ട്. ഉച്ചയ്ക്ക് 12 ന് ഉത്തരാഖണ്ഡിനെയും വൈകിട്ട് അഞ്ചിന് ഹരിയാനയെയും നേരിടും.

മെഡൽ പട്ടികയിൽ ഒമ്പത് സ്വർണ്ണവും 9 വെള്ളിയും ഉൾപ്പെടെ 24 മെഡലുകളുമായി ഒമ്പതാം സ്ഥാനത്താണ് കേരളം. 30 സ്വർണ്ണവും 11 വെള്ളിയുമുൾപ്പെടെ 56 മെഡലകളുമായി കർണാടകയാണ് ഒന്നാം സ്ഥാനത്ത്.

✪✪✪

ഇംഗ്ലണ്ടിനെതിരായ ഏകദിന പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യയ്ക്ക് ജയം. നാഗ്പൂരിൽ നാല് വിക്കറ്റിനാണ് ഇന്ത്യയുടെ ജയം.

ഇംഗ്ലണ്ട് ഉയർത്തിയ 249 റൺസ് വിജയലക്ഷ്യം 68 പന്ത് ബാക്കി നിൽക്കെ ആറ് വിക്കറ്റ് നഷ്ടത്തിൽ ഇന്ത്യ മറികടന്നു. ജയത്തോടെ മൂന്നു മത്സര പരമ്പരയിൽ ഇന്ത്യ 1:0 ത്തിന് മുന്നിലെത്തി. മറ്റന്നാൾ കട്ടക്കിലാണ് രണ്ടാം മത്സരം.

✪✪✪

ISL ഫുട്ബോളിൽ FC ഗോവയ്ക്ക് ജയം. ഗോവയിൽ, ഒഡീഷാ FC യെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്കാണ് അവർ തോല്പിച്ചത്.

ഇന്ന് നോർത്ത് ഈസ്റ്റ് യുണൈറ്റഡ് FC, മുംബൈ സിറ്റി FC യെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ഷിലോങ്ങിലാണ് മത്സരം.

✪✪✪

കണ്ണൂരിൽ സംസ്ഥാന അന്തർജില്ലാ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ സബ് ജൂനിയർ വിഭാഗത്തിൽ എറണാകുളം ജേതാക്കളായി. തിരുവനന്തപുരത്തെയാണ് ഫൈനലിൽ അവർ പരാജയപ്പെടുത്തിയത്.

ഇന്നും നാളെയും ജൂനിയർ അണ്ടർ -19 വിഭാഗത്തിന്റെ മത്സരങ്ങളും ഞായർ, തിങ്കൾ ദിവസങ്ങളിൽ സീനിയർ വിഭാഗത്തിന്റെ മത്സരങ്ങളും നടക്കും.

14 ജില്ലകളിൽ നിന്ന് സബ്ജൂനിയർ, ജൂനിയർ, സീനിയർ വിഭാഗങ്ങളിലായി 420 മത്സരാർത്ഥികളാണ് മാറ്റുരയ്ക്കുന്നത്.

✪✪✪

തദ്ദേശ സ്ഥാപനങ്ങളിലെ വാർഡ്, ഡിവിഷൻ വിഭജനവും അതിർത്തി നിർണയവും സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് ഡീലിമിറ്റേഷൻ കമ്മീഷൻ മലപ്പുറം ജില്ലയിൽ രണ്ട് ദിവസമായി നടത്തിയ ഹിയറിങ് സമാപിച്ചു. കമ്മീഷൻ ചെയർമാനും, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണറുമായ A.ഷാജഹാന്റെ നേതൃത്വത്തിൽ ഇന്നലെ നടന്ന ഹിയറിങ്ങിൽ 1,356 പരാതികളാണ് പരിഗണിച്ചത്.

ആദ്യ ദിവസം 1,484 പരാതികൾ കമ്മീഷൻ പരിഗണിച്ചിരുന്നു.

✪✪✪

പാലക്കാട് കൂറ്റനാട് നേർച്ചക്കിടെ ഇടഞ്ഞ ആനയുടെ കുത്തേറ്റ് പാപ്പാൻ മരിച്ചു. തിരുവല്ല സ്വദേശി N.K. കുഞ്ഞുമോൻ ആണ് മരിച്ചത്. ഇന്നലെ രാത്രി 11 മണിയോടെയായിരുന്നു സംഭവം. വള്ളം കുളം നാരായണൻ കുട്ടി എന്ന ആനയാണ് ഇടഞ്ഞത്.

✪✪✪

തേഞ്ഞിപ്പലത്ത് ചേലേമ്പ്ര പൈങ്ങോട്ടൂർമാട് ദേശീയപാതയിൽ ടാങ്കർ ലോറി തട്ടി സ്കൂട്ടറിൽ നിന്നു തെറിച്ചുവീണ് പത്തു വയസ്സുകാരൻ മരിച്ചു. പിതാവിനൊപ്പം യാത്ര ചെയ്യുകയായിരുന്ന രാമനാട്ടുകര പെരുമുഖം പറയൻകുഴി ആയുഷ് ആണ് മരിച്ചത്.

✪✪✪

മുതിരപ്പുഴയാറിൽ കുളിക്കാൻ ഇറങ്ങിയ യുവാവ് മുങ്ങി മരിച്ചു. അടിമാലി കൊരങ്ങാട്ടി സ്വദേശി കിഴക്കെത്തൊട്ടിയിൽ രാജേന്ദ്രൻ ആണ് മരിച്ചത്.

✪✪✪

കോഴിക്കോട് പെരുമണ്ണയിൽ കഞ്ചാവ് വലിച്ച് ബസ്സ് ഓടിച്ച ഡ്രൈവർ പിടിയിലായി. പൊക്കുന്ന് കുറ്റിയിൽ താഴം സ്വദേശി ഫൈജാസിനെയാണ് പന്തീരാങ്കാവ് പോലീസ് കസ്റ്റഡിയിൽ എടുത്തത്.

✪✪✪

കോഴിക്കോട് പുതിയ ബസ് സ്റ്റാന്റ് പരിസരത്ത് വൻ മയക്കുമരുന്ന് വേട്ട. മാരക ലഹരിമരുന്നായ MDMA യുമായി കണ്ണൂർ സ്വദേശി മാതമംഗലം മുഹമദ് ഷഫീക്കിനെ ഡാൻസാഫും , നടക്കാവ് പോലീസും ചേർന്ന് പിടികൂടി.

250 ഗ്രാമിലധികം MDMA ഇയാളിൽ നിന്ന് പിടിച്ചെടുത്തു.

✪✪✪

കോഴിക്കോട് ജില്ലയിലെ ചെക്യാട് അന്തിയേരിയിൽ സ്ഫോടകവസ്തുക്കൾ കണ്ടെത്തി. 14 സ്റ്റീൽ ബോംബുകളും രണ്ട് പൈപ്പ് ബോംബുകളുമാണ് കണ്ടെത്തിയത്. വളയം പോലീസ് അന്വേഷണം ആരംഭിച്ചു.

✪✪✪

ആലപ്പുഴയിലെ കണിച്ചുകുളങ്ങര ദേവീ ക്ഷേത്രത്തിലെ ഉത്സവത്തിന് കൊടിയേറി. 26-ന് ആറാട്ടോടെ ഉത്സവത്തിന് കൊടിയിറങ്ങും.

✪✪✪

അഴീക്കോട്ട് ആഴക്കടലിൽ ഫിഷറീസ് - മറൈൻ എൻഫോഴ്സ്മെന്റ് - കോസ്റ്റൽ പോലീസ് സംയുക്ത സംഘം നടത്തിയ തിരച്ചിലിൽ ഹൈവോൾട്ടേജ് ലൈറ്റുകൾ ഉപയോഗിച്ച് അനധികൃത മത്സ്യബന്ധനം നടത്തിയ രണ്ട് ബോട്ടുകൾ പിടിച്ചെടുത്തു.

തീവ്രതയേറിയ ലൈറ്റ് ഉപയോഗിച്ച് കൂട്ടത്തോടെ മത്സ്യങ്ങളെ ആകർഷിച്ച് മത്സ്യബന്ധനം നടത്തുന്ന രീതി മത്സ്യസമ്പത്ത് കുറയാനിടയാക്കുമെന്നും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യലഭ്യത കുറയുമെന്നും കാണിച്ച്

പരമ്പരാഗത മത്സ്യ തൊഴിലാളികൾ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പ്രത്യേക സംഘം രൂപീകരിച്ചായിരുന്നു പരിശോധന.

കടലിൽ കൃത്രിമമായി അമിതവെളിച്ചമുണ്ടാക്കി മത്സ്യക്കൂട്ടങ്ങളെ ആകർഷിച്ച് ഒന്നിച്ച് കോരിയെടുക്കുന്നത് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ നിരോധിച്ച മത്സ്യബന്ധന രീതിയാണെന്ന് അധികൃതർ അറിയിച്ചു.

✪✪✪

സംസ്ഥാന ന്യൂനപക്ഷ കമ്മിഷൻ ഇനി വാട്സ്ആപ്പിലൂടെയും പരാതി സ്വീകരിക്കും. നേരിട്ടും ഇ-മെയിൽ, തപാൽ മുഖേനയും പരാതികൾ സ്വീകരിക്കുന്നതിന് പുറമെയാണിത്.

കമ്മിഷൻ ഇന്നലെ കോഴിക്കോട് നടത്തിയ ജില്ലാതല സിറ്റിംഗിൽ ഏഴ് പരാതികൾ പരിഗണിച്ചു.

✪✪✪

---

*News Reader: ഹക്കീം കൂട്ടായി*
*Casual News Readers : അബ്ദുൽകബീർ, നിമിഷ*
*DEO: ഷീബ*